ബാച്ച്	നടപ്പാക്കുന്ന സ്കീമുകളുടെ എണ്ണം	കമ്മീഷൻ ചെയ്ത സ്കീമുകളുടെ എണ്ണം
1	465	421
2	1173	450
3	പദ്ധതി ആസൂത്രണ ഘട്ടത്തിലാണ്	

മൾട്ടി ജി.പി. പദ്ധതികൾ - 3 (പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.)

തീരദേശ പ്രദേശത്തെ കടലാക്രമണം തടയാൻ നടപടി

172 (861) ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ തീരദേശ പ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിന് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കൊവ്വൽ - കൊപ്പൽ കടപ്പുറത്തും ചെമ്പരിക്ക കടപ്പുറത്തും കടലാക്രമണം തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ കാവുഗോളി, അജാന്നർ, മൂസോഡി, നാംഗി, കൊപ്പള, ജമ്മ, ബെല്ല എന്നീ കടപ്പുറങ്ങളിലായി 6 പ്രവൃത്തികൾ, 1790 മീറ്റർ നീളത്തിൽ 759.48 ലക്ഷം രൂപ ചെലവിൽ കടൽഭിത്തികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് കാവുഗോളി കടപ്പുറത്ത് 120 മീറ്റർ നീളത്തിൽ 60 ലക്ഷം രൂപയ്ക്ക് ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കൊവ്വൽ-കൊപ്പൽ കടപ്പുറത്ത് കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തിക്ക് ബഡ്ജറ്റിൽ തുക വകയിരുത്താത്ത സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കാവുന്നതാണ്. ചെമ്പരിക്ക കടപ്പുറത്ത് 260 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly